(സി) പഞ്ചായത്തുകളുടെ പദ്ധതി ചെലവിന്റെ നിലവാരം ഉയർത്തുന്നതിന് മറ്റെന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്രകാരം നിർണ്ണയിച്ചുനൽകുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി)

1. പദ്ധതി നിർവഹണം സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ ആരംഭിക്കാൻ കഴിയും വിധം വാർഷികപദ്ധതി മുൻകൂട്ടി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

2. കാലതാമസമൊഴിവാക്കുന്നതിന് പദ്ധതി സമർപ്പിക്കുമ്പോൾത്തന്നെ എസ്റ്റിമേറ്റും സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഓരോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെവീതം ലഭ്യമാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

4. പദ്ധതി നിർവഹണ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾ കമ്പ്യൂട്ടറൈസ്ചെയ്യാൻ സ്വരൂപിച്ച ഫണ്ട്

108 (1578) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യാൻ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഫണ്ട് സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കമ്പ്യൂട്ടറൈസേഷന് വേണ്ടി ഗ്രാമപഞ്ചായത്തുകൾ ഓരോന്നും എത്ര രൂപയാണ് സർക്കാരിന് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര ഗ്രാമപഞ്ചായത്തുകൾ സർക്കാരിന് പ്രസ്തുത ആവശ്യത്തിന് തുക നൽകിയിട്ടുണ്ട് ; പഞ്ചായത്തുകളുടെ എണ്ണവും തുകയും വ്യക്തമാക്കുമോ ;

(ഡി) ഇതിൽ എത്ര പഞ്ചായത്തുകളിൽ ഈ ഫണ്ടു കൂടി പ്രയോജനപ്പെടുത്തി കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇനിയും എത്ര പഞ്ചായത്തുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കാത്ത പഞ്ചായത്തുകളിൽ നിന്ന് പിരിച്ചെടുത്ത ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് മടക്കി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്പ്യൂട്ടറൈസേഷനുവേണ്ടി ഗ്രാമപഞ്ചായത്തുകൾ സർക്കാരിന് തുക നൽകണമെന്ന് നിർദേശിച്ചിട്ടില്ല. എന്നാൽ, ഗ്രാമപഞ്ചായത്തുകൾ താഴെ കൊടുത്തിരിക്കുന്ന വിധത്തിലുള്ള തുകകൾ ഇൻഫർമേഷൻ കേരള മിഷനു നൽകുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

1. കമ്പ്യൂട്ടർ ഹാർഡ്വെയറുകൾ വാങ്ങി നൽകുന്നതിനുള്ള തുക (ഹാർഡ്വെയറുകൾ ഐ.കെ.എം. വാങ്ങി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള പഞ്ചായത്തുകൾമാത്രം) ... 2,63,000 രൂപ
2. വെബ്സൈറ്റ് വാർഷികവരിസംഖ്യ ... 1,500 രൂപ
3. സാങ്കേതിക സഹായത്തിനുള്ള തുക പ്രതിവർഷം ... 20,000 രൂപ
4. ജനന-മരണ, വിവാഹ രജിസ്ട്രേഷനുകളുടെ മുൻകാലവിവരങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം : ഡാറ്റാ എൻട്രി വെരിഫിക്കേഷൻ തുടങ്ങിയവ ഒരു റെക്കോർഡിന് 6 രൂപ വീതം

(സി) ഗ്രാമപഞ്ചായത്തുകളിൽനിന്നും ഇൻഫർമേഷൻ കേരള മിഷന് വിവിധ ഇനങ്ങളിലായി ലഭിച്ചിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

1. സാങ്കേതിക സഹായത്തിനായി 2009-10 വർഷത്തെ തുക നൽകിയ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 672 നൽകിയതുക - 1,34,40,000 രൂപ
2. സാങ്കേതിക സഹായത്തിനായി 2010-11 വർഷത്തെ തുക നൽകിയ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 74 നൽകിയ തുക - 34,80,000 രൂപ
3. വെബ്സൈറ്റ് വരിസംഖ്യ പൂർണ്ണമായി നൽകിയ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 76 നൽകിയ തുക - 1,14,000 രൂപ
4. വെബ്സൈറ്റ് വരിസംഖ്യ ഭാഗികമായി നൽകിയ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 700 നൽകിയ തുക - 33,67,500 രൂപ
5. ഹാർഡ് വെയറുകൾ വാങ്ങി നൽകുന്നതിനും 2007-08, 2008-09 വർഷത്തിൽ ജനപ്രതിനിധികൾ, ജീവനക്കാർ എന്നിവർക്ക് പരിശീലനം, സോഫ്റ്റ്വെയർ ലൈസൻസ് എന്നിവയ്ക്കായി തുക നൽകിയ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 968 നൽകിയ തുക - 19,69,06,492 രൂപ
6. 2009-10, 2010-11 വർഷത്തിൽ പരിശീലനത്തിനായി തുക നൽകിയ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 357 നൽകിയ തുക - 79,08,647 രൂപ
7. ഡാറ്റാ എൻട്രി/വെരിഫിക്കേഷൻ എന്നിവയ്ക്കായി തുക നൽകിയ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം - 220 നൽകിയ തുക - 1,92,14,604

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതുതായി രൂപീകരിച്ച ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഒഴികെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണ പ്രവർത്തികൾ പുരോഗമിക്കുകയാണ്. ഐ.കെ.എം.-ലേക്ക് അവർ ഒടുക്കിയ തുക കൂടി പ്രയോജനപ്പെടുത്തിയാണ് പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുള്ളത്.

(ഇ&എഫ്) ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയിട്ടില്ല. പ്രസ്തുത പഞ്ചായത്തിൽനിന്ന് ഫണ്ട് പിരിച്ചെടുത്തിട്ടുമില്ല.

ധനകാര്യ കമ്മീഷൻ ധനസമാഹരണത്തിനായി നൽകിയ ശിപാർശകൾ

109 (1579) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ധന സമാഹരണത്തിനായി എന്തെല്ലാം ശിപാർശകളാണ് സർക്കാരിന് നൽകിയിട്ടുള്ളത് ;

(ബി) ഇതിൽ ഏതെല്ലാം ശിപാർശകൾ അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇനി ഏതെല്ലാം ശിപാർശകളാണ് നടപ്പാക്കാനുള്ളത് ;

(ഡി) ഏതെല്ലാം ശിപാർശകൾ നടപ്പാക്കുന്നതിലേക്ക് നിയമഭേദഗതികൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാന ധനകാര്യ കമ്മീഷൻ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷനാണ്. നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന്റെ പരിഗണനയിലാണ്. റിപ്പോർട്ട് നിയമസഭയിൽവെച്ചതിനുശേഷം മാത്രമേ അതിലെ ഉള്ളടക്കം വെളിപ്പെടുത്താൻ നിർവ്വാഹമുള്ളൂ.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏകീകരണം

110 (1580) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളെ ഏകീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഏകീകരണം ഉടൻ പ്രാബല്യത്തിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ മേഖലയിൽ എന്തൊക്കെ നവീകരണങ്ങളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly